**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1440** **06.03.2020 ൽ** മറുപടിക്ക്

**അനധികൃത ബോർഡുകളുടെയും ഫ്ലക്സുകളുടെയും നിരോധനം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **എ.സി. മൊയ്തീൻ**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| (എ) | പൊതുസ്ഥലങ്ങളിൽ അനധികൃത ബോർഡുകളും ഫ്ലക്സുകളും സ്ഥാപിക്കുന്നതിൽ നിരോധനം ഏർപ്പെടുത്തി ബഹു.ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ; | (എ&ബി) പൊതുസ്ഥലങ്ങളിൽ അനധികൃത ബോർഡുകളും ഫ്ളക്സുകളും ഹോർഡിങ്ങുകളും ബാനറുകളും കൊടിതോരണങ്ങളും സ്ഥാപിക്കുന്നതിൽ നിരോധനം ഏർപ്പെടുത്തി ബഹു.ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. പൊതുനിരത്തുകളിൽ അനധികൃതമായി സ്ഥാപിച്ച ഫ്ലക്സ്, പരസ്യബോർഡുകൾ, കൊടികൾ തോരണങ്ങൾ എന്നിവ നീക്കംചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി WP(C) 22750, 25784 & 42574/2018 എന്നീ ഹർജികളിൻമേൽ ഇതുവരെ പുറപ്പെടുവിച്ച പതിനാറോളം ഉത്തരവുകളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ അനധികൃത ബോർഡുകളും ഫ്ളക്സുകളും ഹോർഡിങ്ങുകളും ബാനറുകളും കൊടി തോരണങ്ങളും നീക്കം ചെയ്യുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി മാർക്കും വ്യക്തവും കർശനവുമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അനധികൃതമായി സ്ഥാപിച്ച പരസ്യ ബോർഡുകളും ഫ്ളക്സുകളും ഹോർഡിങ്ങുകളും ബാനറുകളും കൊടിതോരണങ്ങളും ഉൾപ്പെടെയുള്ളവ സമയബന്ധിതമായി നീക്കം ചെയ്തുവരുന്നു. കുറ്റക്കാർക്കെതിരെ പിഴ ഈടാക്കുകയും നിയമ നടപടികൾ സ്വീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. WP(C) 22750, |
| (ബി) | പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്ന തിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | |

| | | |
|---|---|---|
| | | 25784 & 42574/2018 എന്നീ ഹർജികളിന്മേൽ ബഹു. ഹൈക്കോടതിയുടെ 26.02.2020 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ സ്ഥാപിച്ചിട്ടുള്ള അനധികൃത ബോർഡുകൾ/ ബാനറുകൾ/ ഹോർഡിങ്ങുകൾ / കൊടികൾ തുടങ്ങിയവ 10 ദിവസത്തിനകം നീക്കം ചെയ്യണമെന്നും കുറ്റക്കാർക്കെതിരെ പഞ്ചായത്ത് രാജ് / മുൻസിപ്പൽ ചട്ടങ്ങൾ പ്രകാരമുള്ള പിഴ കൂടാതെ 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരവും പിഴ ഈടാക്കുവാൻ ആർ.സി.2/41/2018/തസ്വഭവ തീയതി 02.03.2020 കത്ത് പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**